DEPARTMENT OF AGRICULTURE

FARM INFORMATION BUREAU

FARM NEWS

25.07.2019

## കാർഷികമേഖലാവാർത്തകൾ

## കർഷകസഭകളുടെ ജില്ലാതല ക്രോഡീകരണം

കൃഷികുപ്പിന്റെ സേവനം താഴെത്തട്ടിൽ വരെ ലഭ്യമാക്കുക എന്ന ഉദ്യേശത്തോടെ കർഷക സഭകൾ പഞ്ചായത്തുതലത്തിൽ വാർഡ് തോറും സംഘടപ്പിക്കുകയും ഈ കർഷക സഭകളിൽ നിന്ന് ഉയർന്ന് വരുന്ന നിർദ്ദേശങ്ങളും ആശയങ്ങളും കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പദ്ധതി രൂപികരണത്തിന് അവലംബിക്കാവുന്നതാണെന്നതിനാൽ ഈ നിർദ്ദേശങ്ങൾ ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ക്രോഡികരിക്കുന്നതിനന്റ ഭാഗമായി തൃശൂർ ജില്ലയിൽ കർഷകസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച ജില്ലാതല റിപ്പോർട്ടിന്റ പ്രകാശനവും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റ വിജ്ഞാന വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതല കാർഷിക സെമിനാറും കർഷക ശാസ്ത്രജ്ഞ മുഖാമുഖവും ഇന്ന് രാവിലെ 10 മണിയ്ക്ക് തൃശ്ശൂർ ടൗൺ ഹാളിൽ സംഘടിപ്പിക്കുന്നു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ പദ്ധതി ഉദ്ഘാടനം നിർവ്വഹിക്കുന്നു. കർഷക സഭയുടെ ക്രോഡീകരണ റിപ്പോർട്ടിന്റെ പ്രകാശനം ചീഫ് വിപ്പ് കെ. രാജൻ നിർവ്വഹിക്കുന്നു.

എൻഎംഎസ്എ പ്രകാരമുള്ള സോയിൽ ഹെൽത്ത് കാർഡിന്റ വിതരണോദ്ഘാടനം തൃശൂർ എം.പി. ടി.എൻ. പ്രതാപൻ നിർവ്വഹിക്കുന്നു.

## ഉദ്ഘാടനം

നബാർഡും കാർഷിക സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ആണ് കൊട്ടാരക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന വേണാട് പൗൾട്രിഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഈ കമ്പനിയുടെ അടൂർ, കരുനാഗപ്പള്ളി, നിലമേൽ, കണ്ണൂർ, കടന്നപ്പള്ളി എന്നീ ബ്രാഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്. കർഷകർക്കും ഉപഭോക്താക്കൾക്കും ഒന്നു പോലെ സേവനം എത്തിക്കുന്നതിനുവേണ്ടി ഈ കമ്പനിയുടെ പുതിയ സ്ഥാപനം കടമ്പനാട് ഏഴാംമൈലിൽ ആരംഭിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കുന്നത്തൂർ എം.എൽ.എ. കോവൂർ കുഞ്ഞുമോൻ നിർവ്വഹിക്കുന്നു.

## അപേക്ഷകൾ ക്ഷണിക്കുന്നു

തിരുവനന്തപുരം ജില്ലയിൽ ക്ഷീരവികസന കുപ്പിന്റെ വാർഷിക പദ്ധതി 2019-20 പ്രകാരം നെടുമങ്ങാട് ബ്ലോക്കിൽ 10 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നു. 20 സെന്റിൽ കുറയാത്ത സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു സെന്റിന് 50 രൂപ നിരക്കിലാണ് ധനസഹായം. ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന

കർഷകർ സെന്റ് ഒന്നിന് 11 രൂപ വീതം അടയ്ക്കേണ്ടതുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് കൃഷി ചെയ്യുന്നതിന് ആവശ്യമായ പുൽക്കട സൗജന്യമായി തൽകുന്നതാണ്. താൽപര്യമുള്ള ക്ഷീരകർഷകർ ഈ മാസം 31-ാം തീയതിക്ക് മുൻപായി നെടുമങ്ങാട് റവന്യൂടവറിൽ നാലാം നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ആഫീസിൽ നേരിട്ടോ നെടുമങ്ങാട് ബ്ലോക്കിലെ ക്ഷീരസഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ടോ അപേക്ഷ നൽകാവുന്നതാണ്.

## വനിതാ ക്ഷീരകർഷക വിവരശേഖര സർവ്വേ

സംസ്ഥാനത്തെ 3.5 ലക്ഷത്തോളം ക്ഷീരകർഷകരിൽ 70 ശതമാനത്തോളം വനിതകളാണ്. ക്ഷീര മേഖലയിലെ വനിതകളെ സബന്ധിച്ച യതാർത്ഥ കണക്കുകൾ ശേഖരിക്കുന്നതിനും വനിതകൾക്ക് സഹായകരമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വനിത ക്ഷീരകർഷക സർവ്വേ സംസ്ഥാനത്തെ വനിതാ ക്ഷീരകർഷകർക്കായി മാത്രം വിവരശേഖരണം സംഘടിപ്പിക്കുന്നു. ക്ഷീരോല്പാദകരിൽ ബഹുഭൂരിപക്ഷം വരുന്ന വനിതകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് ഈ സർവ്വേ സഹായകരമാണ്. 2019 ജൂലൈ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിലാണ് സർവ്വേ നടത്തുന്നത്. വനിതാ ക്ഷീരകർഷക വിവരശേഖര സർവ്വേയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 29 ന് കൊല്ലം സി.എസ്.ഐ കൺവെൻഷൻ സെന്ററിൽ വെച്ച് ഫിഷറിസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയുടെ അദ്ധ്യക്ഷതയിൽ വനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു.

## അറിയിപ്പ്

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ പുതുതായി ആരംഭിച്ച പൗൾട്രി ഫാം ഉപകരണങ്ങളുടെ വിൽപന കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. പൗൾട്രി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് മിതമായ നിരക്കിൽ പൗൾട്രി ഫാം ഉപകരണങ്ങൾ ഈ കേന്ദ്രത്തിൽ നിന്ന് ലഭിക്കുമെന്ന് കെപ്കോ എം.ഡി അറിയിച്ചു.

## ടെറേറിയത്തിൽ പരിശീലനം

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ വച്ച് ഈ മാസം 30-ന് ടെറേറിയത്തിൽ ഒരു ദിവസത്തെ പരിശീലനം നടത്തുന്നു. പൂന്തോട്ട നിർമ്മാണത്തിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് അവലംബിക്കാൻ കഴിയുന്ന ചില്ലു കൂട്ടിലെ ചെറിയ ഉദ്യാനങ്ങളാണ് ടെറേറിയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് **7025498850** എന്ന നമ്പറിൽ **രാവിലെ 10.00 മുതൽ 1.00 മണി വരെയും 2.00 മുതൽ 4.00 മണി വരെയും** ബന്ധപ്പെടുക .